# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5595.

29-07-2015-ലെ
മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.കെ.ടി.ജലീൽ : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ എടുക്കുന്നവർക്ക് ഏതെല്ലാം വിധത്തിലുള്ള ഇളവുകളാണ് ലഭ്യമാകുന്നത്; | (എ) സംസ്ഥാനത്തെ ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും 01.04.2004 മുതൽ 31.03.2009 വരെ വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ട തൊഴിൽ രഹിതർക്ക്. വിദ്യാഭ്യാസ വായ്പയുടെ വിദ്യാഭ്യാസ കാലത്തെ പലിശ സബ്സിഡിയായി സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്.<br><br>4.5 ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസത്തിന് 1.4.2009ന് മുൻപ് വിതരണം ചെയ്ത വായ്പയ്ക്കും 01/04/2009 ന് ശേഷം വിതരണം ചെയ്ത വായ്പാ തുകയ്ക്കും തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നുണ്ട്. |
| (ബി) വായ്പാ കുടിശ്ശിക വന്നവർക്ക് പലിശ | (ബി) വായ്പാ കുടിശ്ശിക വന്നവർക്ക് പലിശ ഇളവ് |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഇളവ് നൽകുന്നുണ്ടോ; വിശദാംശം നൽകാമോ; ഏത് വർഷം മുതൽ വായ്പ എടുത്തവർക്കാണ് ഇളവ് നൽകുന്ന തെന്ന് വ്യക്തമാക്കാമോ; | | നൽകുന്ന സ്കീമുകൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല. എന്നാൽ വായ്പാ കുടിശ്ശിക ഉള്ളവർ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീമിന്റെ പരിധിയിൽ വരുന്നുവെങ്കിൽ നിയമാനുസൃതം അനുവദനീയമായ പലിശ ഇളവ് നൽകി വരുന്നു. |
| (സി) | വിദ്യാഭ്യാസ വായ്പാ പദ്ധതിക്ക് കേന്ദ്രസഹായമുണ്ടോ; എങ്കിൽ ഈ വകയിൽ കഴിഞ്ഞ നാളിതുവരെ എന്ത് തുക ലഭിച്ചു എന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (സി) | വിദ്യാഭ്യാസ വായ്പാ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നില്ല. എന്നാൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡി സ്കീം പ്രകാരം യോഗ്യരായവർക്ക് പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ നീക്കിവെച്ചതും ചെലവഴിച്ചതു മായ തുകയുടെ കണക്ക് വർഷാടിസ്ഥാന ത്തിൽ ലഭ്യമാക്കാമോ; | (ഡി) & (ഇ) | ബി.പി.എൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ പലിശ സബ്സിഡിയ്ക്കായി സംസ്ഥാന സർക്കാർ 36,43,75,000/- രൂപ 6481 വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (ഇ) | എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് വിശദമാക്കാമോ; | | |
| (എഫ്) | വിദ്യാഭ്യാസ വായ്പ എടുത്ത് തിരിച്ചടക്കാൻ കഴിയാതെ ജപ്തി ഭീഷണി നേരിടുന്നവരുടെ കാര്യത്തിൽ സർക്കാർ തലത്തിൽ എന്ത് സഹായമാണ് നൽകുന്നത്; ജപ്തി നടപടിക്ക് മോറോട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് നിലനിൽക്കുന്നുണ്ടോ; | (എഫ്) | 12.06.2015 ലെ സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറിയ്ക്ക് 10-04-2015 മുതൽ 6 മാസത്തേക്കു കൂടി മോട്ടോറിയം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി സ്കീമിന് അപേക്ഷിച്ചിട്ടുള്ള വാർഷിക കുടുംബ വരുമാനം 4.5 ലക്ഷം രൂപയിൽ കൂടുതലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള റവന്യൂ റിക്കവറിനടപടികൾക്ക് |

ഏർപ്പെടുത്തിയിരുന്ന മോറോട്ടോറിയം 08-06-2015 ൽ അവസാനിച്ചിരിക്കുകയാണ്. പ്രസ്തുത മോറട്ടോറിയം ദീർഘിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (ജി) | വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്തവരുടെ കുടുംബാങ്ങളുടെയും തിരിച്ചടവിന് മറ്റ് യാതൊരു മാർഗ്ഗമില്ലാത്തവരുടേയും വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | സർക്കാരിനു ലഭിക്കുന്ന ഇത്തരം പരാതികൾ അനുഭാവപൂർവ്വമായപരിഗണനയ്ക്കായി എസ്.എൽ.ബി.സി കൺവീനർക്കും അതാത് ബാങ്ക് മാനേജർമാർക്കും അയച്ചുകൊടുത്തു നടപടികൾ സ്വീകരിക്കാറുണ്ട്. അർഹതയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ, വായ്പാപുനഃക്രമീകരണം, പലിശ ഇളവ് ചെയ്യൽ എന്നീ നടപടികളും ബാങ്കുകൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ